## പതിമൂന്നാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *91

11.02.2016-ൽ മറുപടിയ്ക്ക്

# ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എ.വാഹിദ്<br>,, കെ.മുരളീധരൻ<br>,, എ.റ്റി.ജോർജ്<br>,, ആർ.സെൽവരാജ് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് ലൈറ്റ് മെട്രോ നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | (എ) സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി വിശദമായ പദ്ധതി റിപ്പോർട്ടും (ഡി.പി.ആർ) രൂപരേഖയും തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് 11.09.2015-ലെ ജി.ഒ.(എം.എസ്)നം.74/15/പൊ.മ.വ. പ്രകാരം ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായ ഡി.എം.ആർ.സി.യും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്-ഉം തമ്മിൽ 20.01.2016-ന് കരാർ ഒപ്പുവയ്ക്കുകയും ചെയ്തു.<br>സ്ഥലമെടുപ്പിനാവശ്യമായ വിശദവിവരങ്ങൾ തയ്യാറാക്കുക, ലൈറ്റ് മെട്രോ പാതയിൽ ആവശ്യമായ മേൽപ്പാലങ്ങളുടെ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കുക, പൈപ്പുകളും കേബിളുകളും സ്ഥാപിക്കാനുള്ള രൂപരേഖ തയ്യാറാക്കുക, ലൈറ്റ് മെട്രോ കോച്ചുകളുടെ രൂപകല്പനയും, ദർഘാസ് ക്ഷണിക്കുന്നതിനാവശ്യമായ സാങ്കേതിക വിവരണങ്ങളും തയ്യാറാക്കുക എന്നീ കർമ്മ പദ്ധതികൾ കെ.ആർ.റ്റി.എൽ ആവിഷ്കരിച്ചുവരുന്നു.<br>ഇതു കൂടാതെ കേന്ദ്രസർക്കാരിന്റെ അനുമതി എത്രയും വേഗം ലഭ്യമാക്കുന്നതിനുതകുന്ന നടപടികളും കർമ്മ പദ്ധതിയിൽ ഉൾപ്പെടുന്നു. |

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങൾ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കുകൾ ലഘൂകരിക്കുന്നതിൽ നിർണ്ണായകമായ കാൽവെയ്പ്പാകും ലൈറ്റ് മെട്രോ പദ്ധതി. യാത്രാ സമയത്തിൽ ഗണ്യമായ കുറവ്, സാധാരണക്കാരന് താങ്ങാൻ കഴിയുന്ന നിരക്കുകൾ, സുഖപ്രദമായ യാത്ര, ഇന്ധനലാഭം എന്നിങ്ങനെ പല ലാഭങ്ങളും ഈ പദ്ധതി മൂലം ഉണ്ടാകും. വൈദ്യുതിയിൽ ഓടുന്ന വാഹനം ആയതിനാൽ, അന്തരീക്ഷ മലിനീകരണം ഉണ്ടാവില്ല എന്നതും മറ്റൊരു പ്രധാന നേട്ടമാണ്. റോഡ് വികസനത്തിന് വേണ്ടി വരുന്ന വൻ തോതിലുള്ള സ്ഥലമെടുപ്പും, പുനരധിവാസവും മറ്റും വേണ്ടി വരില്ല എന്നതാണ് ലൈറ്റ് മെട്രോ പദ്ധതികളുടെ മറ്റൊരു പ്രത്യേകത. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | കേരളാ റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഈ പദ്ധതികളുടെ നടത്തിപ്പിനായി പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് സംസ്ഥാന സർക്കാർ അംഗീകരിക്കുകയും അതിനായുള്ള ഭരണാനുമതി 11.09.2015-ലെ ജി.ഒ.(എം.സ്) നം.74/15/പൊ.മ.വ. പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ പ്രകാരം തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് വേണ്ടി വരുന്ന ആകെ ചെലവ് 6728 കോടി രൂപയാണ് (തിരുവനന്തപുരം – 4219കോടി, കോഴിക്കോട് –2509കോടി). 21.821കി.മി. ദൂരത്തിൽ 19 സ്റ്റേഷനുകളോടെയാണ് തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കോഴിക്കോട്ട് 13.33 കി.മി.ദൂരവും 14 സ്റ്റേഷനുകളുമാണ് ഉണ്ടാവുക. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതി റിപ്പോർട്ടും സമഗ്ര ഗതാഗത രൂപരേഖയും സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ